(406)

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ്- ആവാസ് പദ്ധതി- ആരോഗ്യ ഇൻഷ്വറൻസുമായി ബന്ധപ്പെട്ട ടെണ്ടർ നടപടിക്രമങ്ങൾ ചെയ്യുന്നതിനും ഇൻഷ്വറൻസുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുമുള്ള ചുമതല ചിയാക്കിന് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.1317/2017/തൊഴിൽ — തീയതി, തിരുവനന്തപുരം, 07.10.2017

പരാമർശം :- 03.10.2017-ലെ ലേബർ കമ്മീഷണറുടെ ഇ.എൻ.എഫ് (4) 11577/2016 (1) നമ്പർ കത്ത്.

**ഉത്തരവ്**

ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ഇൻഷ്വറൻസ് പദ്ധതി നടത്തിപ്പിലേയ്ക്കുമായി ഹൈപവർ കമ്മിറ്റി രൂപീകരിക്കുന്നതിനും തുടർന്ന് ആശുപത്രികൾ എംപാനൽ ചെയ്ത് ചികിത്സാ വിവരണങ്ങൾ തയ്യാറാക്കി ഇ-ടെണ്ടറിംഗ് മുഖേന ഇൻഷ്വറൻസ് കമ്പനിയെ കണ്ടെത്തേണ്ടതിനും ഇൻഷ്വറൻസുമായി ബന്ധപ്പെട്ട് ടെണ്ടർ തയ്യാറാക്കുന്നതിനും ആശുപത്രികളുമായി ചേർന്ന് ഈ പദ്ധതി നടപ്പിലാക്കുന്നതിനും തൊഴിൽ വകുപ്പിന് വിദഗ്ധ സാങ്കേതികസഹായം ആവശ്യമാണെന്നും നിലവിൽ ആർ.എസ്.ബി.വൈ-യുമായി ബന്ധപ്പെട്ട ഇത്തരം പ്രവർത്തനങ്ങൾ ചെയ്തുവരുന്നത് "ചിയാക്ക്" ആകയാൽ ഇൻഷ്വറൻസുമായി ബന്ധപ്പെട്ട ടെണ്ടർ നടപടിക്രമങ്ങൾ ചെയ്യുന്നതിനും ഇൻഷ്വറൻസുമായി ബന്ധപ്പെട്ട കാര്യങ്ങൾ നടത്തുന്നതിനുമുള്ള ചുമതല ചിയാക്കിന് നൽകാവുന്നതാണെന്നും എന്നാൽ ഇൻഷ്വറൻസ് ക്ലെയിം സംബന്ധിച്ച കാർഡ് നൽകൽ, ഫെസിലിറ്റേഷൻ സെൻറർ, ക്ലെയിം സംബന്ധിച്ച പരാതി പരിഹാരം തുടങ്ങിയ വിഷയങ്ങൾ തൊഴിൽവകുപ്പിൽ തന്നെ നിലനിർത്തി ഉത്തരവാകണമെന്നും ലേബർ കമ്മീഷണർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിയ്ക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഇതരസംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യപരിരക്ഷയും സൗജന്യ ചികിത്സാ സഹായവും അതോടൊപ്പം അവരുടെ വിവരശേഖരണവും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന 'ആവാസ്' ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഇൻഷ്വറൻസുമായി ബന്ധപ്പെട്ട ടെണ്ടർ നടപടിക്രമങ്ങൾ, ഇൻഷ്വറൻസുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾ എന്നിവ നിർവ്വഹിക്കുന്നതിനുമുള്ള ചുമതല ചിയാക്കിന് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി. ലാൽ
ജോയിന്റ് സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ.ആർ.എച്ച്.എം., തിരുവനന്തപുരം.